പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3797 17.10.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ; | (എ) യും (ബി) യും | നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി നിലവിൽ നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനും പരമാവധി ബസ്സുകൾ അറ്റകുറ്റപ്പണികൾ നടത്തി നിരത്തിലിറക്കി സർവ്വീസ് നടത്തി കളക്ഷൻ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>വരുമാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കിലോമീറ്റർ പ്രതി വരുമാനം 20 രൂപയ്ക്ക് താഴെയുള്ള 540 ഷെഡ്യൂളുകൾ ഇതിനകം പുനക്രമീകരിച്ചിട്ടുണ്ട്. ഇതിലൂടെ പുനക്രമീകരിച്ച സർവ്വീസുകൾക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>കൂടുതൽ വരുമാനം ലക്ഷ്യമിട്ട് പ്രതിവർഷം 1000 പുതിയ ബസ്സ് നിരത്തിലിറക്കി ശരാശരി 600 ഓളം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. യാത്രക്കാരുടെ സൗകര്യാർത്ഥവും വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കുമായി ഓൺലൈൻ റിസർവ്വേഷൻ സൗകര്യം വ്യാപകമാക്കുന്നതിനും ഉദ്ദേശമുണ്ട്. ടിക്കറ്റിതര വരുമാനം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സിയുടെ ഒട്ടേറെ ഡിപ്പോകളിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | | |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും തമ്മിലുള്ള അനുപാതം എപ്രകാരമാണ് എന്ന് വിശദമാക്കുമോ ; | (സി) | 2011 ആഗസ്റ്റ് മാസത്തെ കണക്കുപ്രകാരം വരവും ചെലവും തമ്മിലുള്ള അനുപാതം 10:13. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിൽ നിന്ന് വിരമിച്ച എത്ര പേർ പെൻഷൻ വാങ്ങുന്നുണ്ട് ; ഈയിനത്തിൽ പ്രതിമാസം എന്തുതുക വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ നിന്ന് വിരമിച്ച 35,354 പേർ നിലവിൽ പെൻഷൻ വാങ്ങുന്നുണ്ട്. 2011 ഒക്ടോബർ മാസത്തിൽ പെൻഷൻ വിതരണം നടത്തുന്നതിനായി 28 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി.യുടെ കടം എത്ര തുക ഇതിനകം എഴുതിത്തള്ളിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ഇ) | 31-3-2008 കാലയളവുവരെ കെ.എസ്.ആർ.ടി.സി സർക്കാരിന് ബാദ്ധ്യതയുണ്ടാക്കിയ സർക്കാർ വായ്പയിനത്തിലെ 250.38 കോടി രൂപ (principal) 14.12.2009-ൽ സർക്കാർ മൂലധനമാക്കി മാറ്റുകയുണ്ടായി. കൂടാതെ പ്രസ്തുത വായ്പയുടെ പലിശയും പിഴപലിശയും മോട്ടോർ വാഹന നികുതിയിനത്തിൽ കോർപ്പറേഷൻ സർക്കാരിന് ഒടുക്കാൻ കുടിശ്ശികയാക്കിയ തുകയും ചേർത്ത് 820.23 കോടി രൂപ സർക്കാർ എഴുതിത്തള്ളിയിട്ടുണ്ട്. ഇപ്രകാരം ആകെ 1,070.61 കോടി രൂപയുടെ ബാദ്ധ്യതയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ ഒഴിവാക്കിയിട്ടുണ്ട്. |

<table>
<tr>
<td>(എഫ്)</td>
<td>കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോൾ എത്ര തുകയാണ് കടം നിലവിലുള്ളത് ;<br>ഇതിന് പലിശ നൽകാനായി പ്രതിമാസം എത്ര തുകയാണ് വേണ്ടിവരുന്നത് എന്ന് വിശദമാക്കുമോ ?</td>
<td>(എഫ്)</td>
<td>30-9-2011 തീയതിവച്ച് കെ.എസ്.ആർ.ടി.സി ക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിലുള്ള കടം ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>KTDFC</td><td>814.70 കോടി രൂപ</td></tr>
<tr><td>HUDCO</td><td>51.60 കോടി രൂപ</td></tr>
<tr><td>LIC</td><td>65.00 കോടി രൂപ</td></tr>
<tr><td>K.S.T Workers Co-operative Soceity T133, Tvpm.</td><td>0.15 കോടി രൂപ</td></tr>
<tr><td>ആകെ</td><td>931.45 കോടി രൂപ</td></tr>
</table>
മേൽപറഞ്ഞ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ 10.37 കോടി രൂപ കോർപ്പറേഷന് പ്രതിമാസം ചെലവാകുന്നുണ്ട്. കൂടാതെ സർക്കാർ 480.5 കോടി രൂപ കടമായി നൽകിയിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ